**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3553** **12-03-2025 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരംഭിച്ച നാലുവർഷ ബിരുദ കോഴ്സുകളുടെ പോരായ്മകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | നാലുവർഷ ബിരുദ പ്രോഗ്രാമുകൾ (FYUGP) നടപ്പാക്കുന്ന സമയത്ത് ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായും FYUGP-യുടെ നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുന്നതിനും സംസ്ഥാനതലത്തിൽ FYUGP മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പുരോഗതി വിലയിരുത്തി വരുന്നുണ്ട്. |
| (ബി) | പുതിയ ബിരുദ കോഴ്സുകളുടെ സിലബസ് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 2024-25 അദ്ധ്യയന വർഷം 8 സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കിയിട്ട് ഒരു സെമസ്റ്റർ മാത്രമാണ് പിന്നിട്ടിട്ടുള്ളത്. കോഴ്സുകളുടെ അവലോകനത്തിനായി ഡോ. സുരേഷ് ദാസ് അദ്ധ്യക്ഷനായി സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർവകലാശാല തലത്തിൽ ബോർഡ് ഓഫ് സ്റ്റഡീസുകളുടെ നേതൃത്വത്തിലും കോഴ്സുകളുടെ അവലോകനം നടത്താനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. FYUGP പ്രകാരമുള്ള പുതിയ കരിക്കുലത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ സർവകലാശാലകളും സിലബസ് പരിഷ്കരിക്കുന്നുണ്ട്. |
| (സി) | അധ്യാപകർക്ക് സർവ്വകലാശാലാതലത്തിൽ പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം എന്നിവയ്ക്ക് പരിശീലനങ്ങൾ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും വിദ്യാർത്ഥി സേവനങ്ങൾ വേഗത്തിലാക്കുന്നതിനായി 'കെ-റീപ്' എന്ന പേരിൽ ഒരു ഇ.ആർ.പി അടിസ്ഥിത സോഫ്റ്റ്‌വെയർ സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. 'കെ-റീപ്' സോഫ്റ്റ് വെയർ ഫ്രെയിം വർക്ക് എല്ലാ സർവകലാശാലകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ സർവകലാശാലകൾക്കും ഇതിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട ആദ്യഘട്ട |

| | | | |
|---|---|---|---|
| | | | പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ കണ്ണൂർ സർവകലാശാല നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ആദ്യസെമസ്റ്ററിൽ തന്നെ കെ-റീപ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പരീക്ഷ അടക്കം എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിച്ചു. നിലവിൽ രണ്ടാം സെമസ്റ്ററിലും ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നു. ശ്രീശങ്കരാചാര്യസംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലകളും രണ്ടാം സെമസ്റ്ററിൽ ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, FYUGP സംബന്ധിച്ച് അധ്യാപക-അനധ്യാപക ജീവനക്കാർക്ക് തുടർ പരിശീലനം നൽകുന്നതിന് ഉന്നതവിദ്യാഭ്യാസ കൗൺസിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ആദ്യ പരിശീലനപരിപാടി 2025 മാർച്ചിൽ ആരംഭിയ്ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ